**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1889** **31-08-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിനാവശ്യമുള്ള മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വരുത്തിയിട്ടുള്ള ഗണ്യമായ വെട്ടിക്കുറവ്, ഇന്ധന വില വർദ്ധന, മണ്ണെണ്ണയ്ക്കും ഡീസലിനും സബ്സിഡി നിർത്തലാക്കിയത് തുടങ്ങിയ പ്രശ്നങ്ങളാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യബന്ധനത്തിനു ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ പ്രത്യേകിച്ച് മണ്ണെണ്ണയുടെ വില വർദ്ധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അധികമാണ്. നിലവിൽ പൊതുവിപണിയിൽ മണ്ണെണ്ണയുടെ വില ലിറ്ററിന് 106.52 രൂപയും സിവിൽ സപ്ലൈസ് വകുപ്പ് വഴി വിതരണം ചെയ്യുന്ന സബ്സിഡി രഹിത മണ്ണെണ്ണക്ക് ലിറ്ററിന് 84 രൂപയുമാണ്. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരതത്തിലാക്കുന്ന ഈ വിലവർദ്ധനവ് പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ തകർച്ചക്ക് കാരണമാകും. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയാവകാശം എണ്ണകമ്പനികൾക്കായതാണ് ഇതിന് മുഖ്യ കാരണം. പരമ്പരാഗത തൊഴിൽ എന്ന നിലയിലും ഏറെ പിന്നോക്കാവസ്ഥയിലുള്ള ഒരു മേഖല എന്ന പരിഗണന നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അത്രയും മണ്ണെണ്ണ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>നിലവിൽ മത്സ്യഫെഡ് മുഖേന ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സംസ്ഥാന സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ട്. 10 വർഷത്തിന് താഴെ കാലപ്പഴക്കമുള്ള 14332 എഞ്ചിനുകൾക്കാണ്, എഞ്ചിൻ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ പ്രതിമാസം 140 മുതൽ 190 ലിറ്റർ വരെ മണ്ണെണ്ണ ഇത്തരത്തിൽ അനുവദിക്കുന്നത്. ഇത് ഈ മേഖലയുടെ മണ്ണെണ്ണ ആവശ്യത്തിന്റെ കാൽഭാഗം പോലും നിറവേറ്റുന്നില്ല. മത്സ്യഫെഡ് വഴി |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്ന അതേ അനുപാതത്തിൽ മണ്ണെണ്ണ 25 രൂപയ്ക്ക് അനുവദിക്കണമെങ്കിൽ പ്രതിവർഷം 350 കോടി രൂപ വേണ്ടിവരും. പ്രതിവർഷം മത്സ്യബന്ധന മേഖലയിലെ മുകളിൽ പറഞ്ഞ 14332 എഞ്ചിനുകളുടെ പ്രവർത്തനത്തിന് മാത്രമായി ഒരു ലക്ഷം കിലോ ലിറ്ററിലധികം മണ്ണെണ്ണ ആവശ്യമാണ്.<br><br>കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സബ്സിഡി രഹിത മണ്ണെണ്ണ സംസ്ഥാനത്ത് മത്സ്യബന്ധന മേഖല, കാർഷിക മേഖല ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. എഞ്ചിൻ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ 129 ലിറ്റർ മുതൽ 180 ലിറ്റർ വരെയാണ് മത്സ്യബന്ധനത്തിനായി അനുവദിക്കുന്നത്. 1,08,000 (ഒരു ലക്ഷത്തി എണ്ണായിരം) കിലോ ലിറ്റർ മണ്ണെണ്ണ പ്രതിവർഷം ആവശ്യമുള്ളിടത്ത് ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 2160 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.<br><br>വില കുത്തനെ കൂട്ടിയതിനു പിന്നാലെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതവും നിർത്തലാക്കുകയാണ്. കൂടുതൽ മണ്ണെണ്ണ ആവശ്യപ്പെട്ട് കേന്ദ്രത്തിന് നൽകിയ കത്തിന് മണ്ണെണ്ണയ്ക്ക് പകരം മത്സ്യബന്ധനത്തിന് പെട്രോളോ ഡീസലോ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കണം എന്നാണ് കേന്ദ്ര സർക്കാരിന്റെ നിലപാട്. സംസ്ഥാനത്തിന് ആവശ്യമുള്ളതിന്റെ നാലിൽ ഒന്ന് മാത്രമാണ് നിലവിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ ഇത്തരം നയസമീപനങ്ങൾ കൊണ്ടും കാലാവസ്ഥാവ്യതിയാനം മൂലവും പ്രതിസന്ധിയിലായ മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനും വരുമാനം ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ നയങ്ങൾ മൂലം ദുരിതമനുഭവിക്കുന്ന മത്സ്യതൊഴിലാളി കളുടെ ദുരിത നിവാരണത്തിനായും അവരുടെ പുനരധിവാസത്തിനുമായി നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം, കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പുനർഗേഹം പദ്ധതി, കടലാക്രമണം തടയുന്നതിനുള്ള കടൽഭിത്തി നിർമ്മാണം, മത്സ്യബന്ധന ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് മത്സ്യഫെഡ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന സബ്സിഡിയോടുകൂടി മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ, പഞ്ഞ മാസങ്ങളിൽ നടപ്പാക്കിവരുന്ന |

| | | | |
|---|---|---|---|
| | | | സമ്പാദ്യ സമാശ്വാസ പദ്ധതി, സാഫ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ എന്നിവ ഇത്തരത്തിലുള്ളവയാണ്. പ്രസ്തുത പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനും വരുമാനം ഉറപ്പ് വരുത്തുന്നതിനും ഉതകുന്നവയാണ്. |
| (സി) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പ്രധാന പ്രശ്നങ്ങളായ ഇന്ധന വിലവർദ്ധനവ്, മണ്ണെണ്ണയുടെ ദൗർലഭ്യം, സബ്സിഡി നിർത്തലാക്കൽ എന്നീ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന്റെ നയസമീപനം തിരുത്തുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ സംബന്ധിച്ച വിശദാംശം നൽകുമോ? | (സി) | കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച് നൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുകയും അതോടൊപ്പം മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി അംഗീകരിക്കുന്നതിനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരികയാണ്. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഉണ്ടായിട്ടില്ല.<br><br>സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയ്ക്ക് ആവശ്യമായ അളവിൽ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കേന്ദ്ര ഫിഷറീസ് മന്ത്രിയെ ഈ മാസം 17-ാം തിയതി സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നേരിട്ട് സന്ദർശിച്ച് ചർച്ച നടത്തി സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ